(ബി) വിദേശ കാര്യകം ബോർഡിന്റെ അതിഥികം (കനേഡിയൻ എഞ്ചിനീയർമാർ, ലോകബാങ്ക് ഉദ്യോഗസ്ഥൻമാർ മുതലായവർ) ബോർഡ് ചെയർമാൻ, മെമ്പർമാർ എന്നിവരാണ് ഉപയോഗിക്കുന്നത്. വൈദ്യുതി മന്ത്രിയുടെ ഔദ്യോഗിക ആവശ്യങ്ങൾക്കും ഇവ നൽകാറുണ്ട്.

(സി) തൽക്കാലം നിർവ്വാഹമില്ല.

എടക്കര വൈദ്യുതി ലൈൻ

162. [444] ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് ജില്ലയിൽപ്പെട്ട എരഞ്ഞിക്കൽ ഇലക്ട്രിസിറ്റി സെക്ഷനിലെ എടക്കര വൈദ്യുതി ലൈൻവലിക്കാനുള്ള പ്രവർത്തനത്തിന് അനുവാദം നൽകിയതെന്നാണ് ;

(ബി) ഈ പ്രവൃത്തി എന്നു തുടങ്ങിയെന്നും ഇപ്പോൾ എത്ര ശതമാനം പ്രവൃത്തി നടന്നുവെന്നും വ്യക്തമാക്കാമോ ;

(സി) ഈ പ്രവൃത്തി എന്നു പൂർത്തിയാക്കി പ്രസ്തുത പ്രദേശത്തു കാർക്ക് വൈദ്യുതി നൽകാൻ കഴിയുമെന്ന് വെളിപ്പെടുത്താൻ ദയവുണ്ടാകുമോ ?

ഉത്തരം

(എ) 21-6-1980-ൽ.

(ബി) 1982-83-ൽ തുടങ്ങി. ഏകദേശം അൻപത് ശതമാനം ജോലി തീർന്നിട്ടുണ്ട്.

(സി) കഴിവതും വേഗം ചെയ്തു തീർക്കാനാണ് ശ്രമിക്കുന്നത്.

മൈക്കാവ്–വേളാങ്കോട് ലൈനിന്റെ പണി

163. [445] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) കോഴിക്കോട് റൂറൽ ഇലക്ട്രിക്കൽ ഡിവിഷനിൽ താമരശ്ശേരി സെക്ഷനിൽ മൈക്കാവ്–വേളാങ്കോട് ലൈനിന്റെ പണി എന്നാണ് ആരംഭിച്ചത് ;

(ബി) പ്രസ്തുത ലൈനിന്റെ നിർമ്മാണം എന്നത്തേക്ക് പൂർത്തിയാകുമെന്നു പറയാമോ ;

(സി) പ്രസ്തുത ലൈനിന്റെ നിർമ്മാണത്തിനാവശ്യമായ സാധന സാമഗ്രികൾ ഉടനടി അനുവദിക്കുമോ ?

ഉത്തരം

(എ) 1985 ആഗസ്റ്റ് മാസത്തിൽ.

(ബി) പോസ്റ്റുകൾ നാട്ടുന്ന ജോലി പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കഴിയുന്നതും വേഗം ചെയ്തുതീർക്കുന്നതാണ്.

(സി) സാധനസാമഗ്രികൾ ശേഖരിച്ചുകൊണ്ടിരിക്കുകയാണ്.

തിരുവാംപാടി–പുന്നയ്ക്കൽ ലൈനിന്റെ പണി

164. [446] ശ്രീ. സിറിയക് ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവാംപാടി–പുന്നയ്ക്കൽ ലൈനിന്റെ പണി പൂർത്തിയായോ ;

LIBRARY ARCHIVES Kerala Legislative Assembly